## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

No. 92/2018/KEM

തിരുവനന്തപുരം

തീയതി :29/06/18

### പ്രത്യേക ശ്രദ്ധയ്ക്ക്

കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ലക്ഷ്യമാണ്. ആഗോളതാപനവും, കാലാവസ്ഥാ വ്യതിയാനവും ഗൗരവമായി മാനവ സമൂഹം ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഈ രംഗത്ത് നടക്കുന്ന ഏതൊരു പ്രവർത്തനത്തിനും പ്രസക്തി ഏറെയുണ്ട്. എല്ലാ സ്കൂളിലും ജൈവവൈവിധ്യ ഉദ്യാനം എന്നതും പ്രകൃതിയാണ് ഏറ്റവും നല്ല പാഠപുസ്തകം എന്നതുമായ കാഴ്ചപ്പാട് മുന്നോട്ടു വക്കുന്നത് എല്ലാം ഈ ഒരു പശ്ചാത്തലത്തിലാണ്.

ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ അവധിക്കാല പരിശീലനത്തിന്റെ ഭാഗമായി നൽകുകയും ചെയ്തിട്ടുണ്ട്. ഹരിതോത്സവം എന്ന പുസ്തകം തയ്യാറാക്കി എല്ലാ അധ്യാപകർക്കും എത്തിച്ചിട്ടുണ്ട്. ഇതിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളെല്ലാം പഠനപ്രവർത്തനങ്ങളുടെ സ്വാഭാവിക ഭാഗമാക്കാൻ കഴിയണം. സ്കൂൾ തല മാസ്റ്റർ പ്ലാനിലും ഇംപ്ലിമെന്റേഷൻ പ്ലാനിലും ഓരോ പ്രദേശത്തിന്റെയും സ്കൂളിന്റെയും സാഹചര്യത്തിനനുസരിച്ച് ഇക്കാര്യങ്ങൾ ഉൾച്ചേർക്കാൻ കഴിയണം. ഹരിതോത്സവത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന ദിനങ്ങൾ ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

ഹരിതോൽസവത്തിൽ മുഖ്യമായും ദിനാചരണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലോക പരിസ്ഥിതിദിനമായ ജൂൺ 5 ന് തുടങ്ങി ലോക വിദ്യാർത്ഥി ദിനമായ നവമ്പർ 17 ന് അവസാനിക്കുന്ന തരത്തിൽ പത്ത് ഉത്സവ ദിനങ്ങളാണ് ഇതിന്റെ ഉള്ളടക്കം.

ലോക പരി സ്ഥിതിദിനം ( ജൂൺ 5)

മരുവത്ക്കരണ ദിനം(ജൂൺ 17),

ഡോക്ടർ ദിനം(ജൂലൈ 1),

ലോക പ്രകൃതി സംരക്ഷണദിനം (ജൂലൈ 28),

പുനരുപയോഗ ദിനം(ആഗസ്റ്റ് 9),

ദേശീയ കായിക ദിനം(ആഗസ്റ്റ് 29),

ഓസോൺ ദിനം (സെപ്റ്റംബർ 16),

ഗാന്ധിജയന്തി(ഒക്ടോബർ 2),

ലോക ഭക്ഷ്യദിനം(ഒക്ടോ ബർ 16)

ലോക വിദ്യാർത്ഥിദിനം (നവമ്പർ 17)

വിവിധ പ്രോജക്റ്റുകൾ, സർവ്വേകൾ,ജല ഓഡിറ്റ്, രചനാപ്രവർത്തനങ്ങൾ, കാർഷികപ്രവർത്തനങ്ങൾ, ഭക്ഷ്യമേള, ചർച്ചാക്ലാസുകൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ ആരോഗ്യവും കായികമായ കഴിവുകളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. മഴവെള്ളസംഭരണവും പ്ലാസ്റ്റിക്ക് നിയന്ത്രണവും വൃക്ഷവത്ക്കരണവും മാലിന്യസംസ്കരണവും ഇതിലുണ്ട്. ഭാവനാശാലിയായ അദ്ധ്യാപകർക്ക് കൂടുതൽ പ്രവർത്തനങ്ങൾ സർഗ്ഗാത്മകമായി ഉൾപ്പെടുത്താൻ കഴിയുംവിധം വഴക്കമുള്ള ശൈലിയാണ് ഹരിതോത്സവം സ്വീകരിച്ചിട്ടുള്ളത്.

കുട്ടികളിൽ പരിസ്ഥിതി അവബോധം ഉളവാക്കാൻ കഴിയുംവിധം ഈ ദിനങ്ങളെ സമീപിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്താനും നമുക്ക് കഴിയേണ്ടതുണ്ട്.

ഇത് സംബന്ധിച്ച് സർക്കാർ ഇറക്കിയ സർക്കുലറും ഇതോടൊപ്പമുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഡയറക്ടർമാർക്കും

എല്ലാ ഡി.ഡി.ഇ മാർക്കും

എല്ലാ ഹയർസെക്കന്ററി ആർ.ഡി.ഡി മാർക്കും -ഹയർസെക്കന്ററി ഡയറക്ടർ മുഖേന

എല്ലാ വൊക്കേഷണൽ ഹയർസെക്കന്ററി എ.ഡിമാർക്കും- വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ മുഖേന

ഡി.ഒ മാർക്കും

എ.ഇ.ഒ.മാർക്കും

എല്ലാ പ്രിൻസിപ്പൽമാർക്കും ,ഹെഡ്മാസ്റ്റർമാർക്കും ബന്ധപ്പെട്ട ഓഫീസർമാർ മുഖേന